**<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**DHS/27443/2025-EA4** തീയതി. **02-03-2026**

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ഡോ മാനസി നായർ **(Dr Manasi Nair PEN 988633)** , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: **1.** ഡോ മാനസി നായർ സമർപ്പിച്ച അപേക്ഷ തീയതി **05.11.2025**

**2.** . ഉത്തരവ് നം **DHS/27765/2025-EA2** തീയതി **15.11.2025**

**3. DMOH-KNR/6183/2025-A1** തീയതി **06.12.2025**

**4.** ഡോ മാനസി നായർ സമർപ്പിച്ച അപേക്ഷ തീയതി **01.12.2025**

**5.** ഡോ മാനസി നായർ സമർപ്പിച്ച അപേക്ഷ തീയതി **25.02.2026**

ഡോ മാനസി നായർ **(Dr Manasi Nair PEN 988633) 06.02.2024** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കണ്ണൂർ മൊകേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ ഉപരി പഠനം പൂർത്തിയാക്കുന്നതിനായി **07.02.2024** ന് സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. **25.11.2022** മുതൽ **24.11.2025** വരെയുള്ള കോഴ്സ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം **(1)** പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചതിനാൽ പരാമർശം **(2)** പ്രകാരം കണ്ണൂർ പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകി ഉത്തരവാകുകയും **25.11.2025** ന് സേവനത്തിൽ പ്രവേശിക്കുന്നതിന് ടിയാൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടിയാൾ തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്തിരുന്നില്ല. ടി വിവരം പരമാർശം **(3)** പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത്

സയൻസസ് (ബാംഗ്ലൂർ), ഹെൽത്ത് ഡയറക്ടറുടെ കർണാടക സ്റ്റേറ്റിലെ ഒരു വർഷത്തെ സീനിയർ റെസിഡൻസി സംബന്ധിച്ച തീരുമാനം വരാനിരിക്കുന്നതിനാൽ, നിലവിൽ ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് സാധിക്കുകയില്ലെന്നും **24.11.2025** മുതൽ ഒരു വർഷത്തേയ്ക്ക് സീനിയർ റസിഡൻസി പൂർത്തീകരിക്കുന്നതിനായി ശൂന്യവേതനാവധി അനുവദിക്കണമെന്നും പരമാർശം **(4)** പ്രകാരമുള്ള കത്തിൽ ആവശ്യപ്പെട്ടിരുന്നു. ടി അപേക്ഷയോടൊപ്പം അവധി അപേക്ഷയോ സീനിയർ റസിഡൻസിയ്ക്കു നിയമിച്ച ഉത്തരവോ കോഴ്സ് സർട്ടിഫിക്കറ്റോ ഉള്ളടക്കം ചെയ്തിരുന്നില്ല. ഒരു വർഷത്തെ കർണാടകയിലെ ബോണ്ട് സർവ്വീസിൽ നിന്നും ഒഴിവാക്കണമെന്ന് കർണാടക മെഡിക്കൽ കൗൺസിലിന് ടിയാൾ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നിരാക്ഷേപ പത്രം ലഭിച്ചതായും ആയതിനാൽ തിരികെ ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നും പരാമർശം **(5)** പ്രകാരം അപേക്ഷ സമർപ്പിച്ചു.

**(2).** ഡോ മാനസി നായർ സമർപ്പിച്ച പരാമർശം **(4)**, **(5)** പ്രകാരമുള്ള അപേക്ഷകൾ വിശദമായി പരിശോധിച്ചു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് കാലയളവിലേയ്ക്കു മാത്രമേ കെ എസ് ആർ ഭാഗം **1** അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിർവ്വാഹമുള്ളൂ. ഡോ മാനസി നായരെ **25.11.2022** മുതൽ **24.11.2025** വരെയുള്ള കോഴ്സ് പൂർത്തിയാക്കുന്നതിന് വിടുതൽ ചെയ്തിരുന്നതും കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കണമെന്ന ആവശ്യം പരിഗണിച്ച് പരാമർശം **(2)** പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നതുമാണ്. ടി ഉത്തരവിലെ നിർദ്ദേശം ഡോ മാനസി നായർ പാലിച്ചിട്ടില്ല. നിർബന്ധിത സേവനത്തിന്റെ ഭാഗമായുള്ള സീനിയർ റസിഡൻസി ചെയ്യേണ്ടതുണ്ടെങ്കിൽ തിരികെ സേവനത്തിൽ പ്രവേശിച്ച ശേഷം ആയതിലേയ്ക്ക് അപേക്ഷ സമർപ്പിക്കാമെന്നിരിക്കെ സീനിയർ റസിഡൻസി നിയമന ഉത്തരവോ കോഴ്സ് സർട്ടിഫിക്കറ്റോ അവധി അപേക്ഷയോ സമർപ്പിക്കാതെ **25.11.2025** മുതൽ ഒരു വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാണ് പരാമർശം **(4)** ൽ ടിയാൾ അറിയിച്ചത്. **25.11.2025** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ഡോ മാനസി നായർ സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ പ്രൊബേഷണർ ആയ ഡോ മാനസി നായർ അസിസ്റ്റന്റ് സർജൻ **25.11.2025** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി കണക്കാക്കുന്നു. ടി സാഹചര്യത്തിൽ ഒരു വർഷത്തെ കർണാടകയിലെ ബോണ്ട് സർവ്വീസിൽ നിന്നും

ഒഴിവാക്കിയതായും തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നുമുള്ള പരാമർശം (5) ലെ അപേക്ഷ പരിഗണനാർഹമല്ല.. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 02-03-2026
14:47:44

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Manasi Nair,**

**MadhavaMangalam, Azad Lane, Thirunakkara,**

**Kottayam-1**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കണ്ണൂർ.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം മൊകേരി / പരിയാരം, കണ്ണൂർ,

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ